സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദ്ദേശങ്ങൾ ശ്രദ്ധയോടെ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരമെഴുതുക.**

**(4x1=4)**

1. ഹാ.....സുഖങ്ങൾ വെറും ജാലം .......

   \- കുമാരനാശൻ

   സമാനാശയമുള്ള വരി ചുവടെ കൊടുത്തിട്ടുള്ളവയിൽ നിന്ന് കണ്ടെത്തുക.

   - മർത്ത്യജന്മം ക്ഷണഭംഗുരം
   - ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
   - ആലോലചേതസാ ഭോഗങ്ങൾ തേടുന്നു
   - എത്രയും ചഞ്ചലമാലയസംഗമം

2. താഴെ കൊടുത്തവയിൽ കാളിദാസൻ രചിച്ച നാടകമേത്?

   - ഋതുസംഹാരം
   - കുമാരസംഭവം
   - മാളവികാഗ്നിമിത്രം
   - രഘുവംശം

3. "അയാൾ എണീറ്റു. യാത്രാനുവാദത്തിനെന്നവണ്ണം തല കുനിച്ചു."
   'യാത്രാനുവാദം' എന്ന പദത്തിന്റെ വിഗ്രഹരൂപം എഴുതുക.

4. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

   ഈ സന്ദർഭത്തിന്റെ പ്രയോഗത്തിന്റെ സവിശേഷാർഥം എഴുതുക.

5. ' പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം '
പനിനീർ പൂവിന് സമമെന്ന് കവി വിശേഷിപ്പിക്കുന്നതെന്തിനെ?

**6 മുതൽ 8 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് രണ്ടുവാക്യത്തിൽ ഉത്തരമെഴുതുക.** **(2 x2 = 4)**

6. "മാഡം എത്രയോ തവണ എനിക്കു കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചുപോവുന്നു."

സുധീർ ഇങ്ങനെ പറയാൻ ഇടയായ സാഹചര്യം വ്യക്തമാക്കുക.

7. " ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു.

** ** **

പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി
" നാളെയാണ് അല്ലേ?" പാറാവുകാരൻ പറഞ്ഞു. പാറാവുകാരനിൽ പൊടുന്നനെയുണ്ടായ ഭാവമാറ്റത്തിന്റെ കാരണം വ്യക്തമാക്കുക.?

8. കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ;
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ
- സച്ചിദാനന്ദൻ

'ഒരു ഭാഷ' - എന്ന പ്രയോഗത്തിലൂടെ വ്യക്തമാകുന്ന രണ്ടു സൂചനകൾ എഴുതുക.

**9 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **(5 x 4 = 20)**

9. ശ്രീരാമ പട്ടാഭിഷേകം മുടങ്ങിയതറിഞ്ഞ് അത്യന്തം കുപിതനായ ലക്ഷ്മണനെ ' വത്സ !,സൗമിത്രേ!,കുമാര!' എന്നിങ്ങനെ അഭിസംബോധന ചെയ്താണ് ശ്രീരാമൻ സംസാരിച്ച് തുടങ്ങിയത്. ഈ അഭിസംബോധനയുടെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയാറാക്കുക.

10. വിശ്വമഹാകവിയായ ഗോയ്ഥേ പറഞ്ഞപോലെ, ആണ്ടുപിറപ്പിലെ പൂക്കളും ആണ്ടറുതിയിലെ പഴങ്ങളും, ആത്മാവിനെ മോഹിപ്പിക്കുകയും ആവേശം കൊള്ളിക്കുകയും തൃപ്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതെന്തും ഭൂമിയും സ്വർഗ്ഗവും, ഒരൊറ്റവാക്കിലടക്കണമോ? ഞാൻ പറയാം 'ശാകുന്തളം'! അതിൽ എല്ലാ അടങ്ങിയിരിക്കുന്നു.

ശാകുന്തളത്തിന്റെ എന്തെല്ലാം സവിശേഷതകളാണ് ലേഖകനെ ഇങ്ങനെ എഴുതാൻ പ്രേരിപ്പിച്ചത്? വിശദമാക്കുക.

11. ദിവാകരനും നളിനിയും ദീർഘകാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുന്നു. അവരുടെ കൂടിക്കാഴ്ച ' പ്രിയദർശനം 'ആയിരുന്നുവോ? കാവ്യഭാഗം വിലയിരുത്തി കുറിപ്പ് തയാറാക്കുക.

12. 'ക്രോധം പരിത്യജിക്കേണം ബുധജനം' ശ്രീരാമന്റെ ഈ ഉപദേശം-എല്ലാകാലത്തും പ്രസക്തമാണ്. സമർഥിക്കുക.

13. •പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് -സ്മൃതിയിൽ നീയുമിപ്പൊൾ നിൻ-
ദൂരമാം ഭവനവും വരുന്നയേ!

-പ്രിയദർശനം

" രൂപം കൊണ്ട് തിരിച്ചറിയാത്ത വ്യക്തിയെ
സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും
അമ്പരന്നിരുന്നു."

-വിശ്വരൂപം

ഏറെക്കാലം വേർപെട്ട് നിന്നാലും സ്നേഹബന്ധങ്ങളുടെ തീവ്രതയ്ക്ക് മാറ്റം വരുന്നില്ല. രണ്ടു പാഠസന്ദർഭങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. • "അച്ഛനും മകനും നേരോടുനേരായി തെല്ലിട നേരം നിന്നു. പിന്നെ വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു."
കഥയെ ഭാവസാന്ദ്രമാക്കുന്നതിൽ ഇത്തരം മുഹൂർത്തങ്ങൾ എത്രമാത്രം അനുയോജ്യമാണ്.ഉചിതമായ മറ്റു സന്ദർഭങ്ങൾ കൂടി പരിഗണിച്ച് കുറിപ്പ് തയാറാക്കുക.

**15 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക. (ഒരുപുറം)** (2 x 6 = 12)

15. •'പൗരസ്ത്യസംസ്കാരം മുഴുവൻ അവർ മറന്നിരുന്നു. ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനോ കരയാനോ കൂടി അവർക്കു കഴിയുമെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല.'

• 'എന്തൊരുയർച്ചയായിരുന്നു അത് ; എന്തൊരാഭിമാനമായിരുന്നു, അമ്മേ! ഭവതി ഭാഗ്യവതിയാണ്.'

കഥാന്ത്യത്തിൽ മാഡം തലത്തിനെക്കുറിച്ച് സുധീർ ഇങ്ങനെ അഭിപ്രായപ്പെട്ടതെന്തു കൊണ്ട്? മാഡം തലത്തിന്റെ സ്വഭാവത്തിലുണ്ടായ മാറ്റം നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക.

16. • ' വെള്ളായിയപ്പൻ പൊതിയഴിച്ചു.വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു.വെയിലിന്റെ മുകൾത്തട്ടിലെവിടെ നിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.'

- - തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരു പാടുകണ്ണുനീർ വീഴ്ത്തിയിരിക്കണം.
- - വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്ക് കുതിർന്ന അതിന്റെ നനവിൽ കൈവച്ചു കൊണ്ട് വെള്ളായിയപ്പൻ ഇരുന്നു.

കഥാസന്ദർഭങ്ങളെ ഭാവസാന്ദ്രമാക്കുന്നതിൽ മുഖ്യകഥാപാത്രങ്ങൾക്കൊപ്പം 'പൊതിച്ചോറ് 'വഹിക്കുന്ന സ്ഥാനം കണ്ടെത്തി കുറിപ്പ് തയാറാക്കുക.

17. ആസ്വാദനം തയാറാക്കുക.

## മധുരം ശരത്കാലം

മധുരം ശരത്കാലം!
 കളനിസ്വനങ്ങളാൽ
മുഖരം കുറ്റിക്കാടു-
 മാറ്റുവക്കിലെ മേടും
ഏഴിലമ്പാലപ്പൂവിൻ
 സൗരഭച്ചുരുളുക-
ളൂഴിതൻ മുഖത്തുരു-
 മ്മുന്നു കാറ്റനങ്ങുമ്പോൾ.

ഇല്ലിമുൾക്കൂട്ടിന്നുള്ളിൽ-
 ച്ചിറകാർന്നിടും പച്ച-
ക്കല്ലുകൾപോലേ നൂറു
 തത്തകൾ തത്തീടുന്നൂ

ജീവനു സഹജമാം
 ഭാവമാണീയാഹ്ലാദം
കേവലമഴലുകൾ
 ബാഹ്യമാം നിഴലുകൾ.

| |
|---|
| മുഖരം - ശബ്ദം |
| നിസ്വനം-നാദം |
| അഴൽ -ദുഃഖം |

ജി.ശങ്കരക്കുറുപ്പ് -ജിയുടെ തിരഞ്ഞെടുത്ത കവിതകൾ